**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 127** **01-02-2023 - ൽ മറുപടിയ്ക്ക്**

**അബ്ദുൽ കരീം വധക്കേസ് സി.ബി.ഐ.ക്ക് വിടുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | താമരശ്ശേരി പോലീസ് സ്റ്റേഷൻ പരിധിയിൽ എരഞ്ഞോണ അബ്ദുൽ കരീം കൊല്ലപ്പെട്ടത് സംബന്ധിച്ച എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തത് എന്നാണെന്ന് വ്യക്തമാക്കാമോ; | (എ) | എരഞ്ഞോണ അബ്ദുൾ കരീം കൊല്ലപ്പെട്ടത് സംബന്ധിച്ച് താമരശ്ശേരി പോലീസ് സ്റ്റേഷൻ ക്രൈം 764/2013 നമ്പറായി 02/10/2013 തീയതിയിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | അബ്ദുൽ കരീം വധക്കേസിലെ പ്രതികൾ ജാമ്യത്തിലിറങ്ങിയ തീയതി വ്യക്തമാക്കാമോ; | (ബി) | അബ്ദുൾ കരീം വധക്കേസ് പ്രതികളായ മിഥിലാജ്, ഫിർദോസ് എന്നിവർ 11.07.2014 നും, മുഹമ്മദ് ഫായിസ് 12.08.2014 നും, മൈമൂന 29.08.2014 നും, റഫീഖ് 03.09.2014 നും ജാമ്യത്തിൽ ഇറങ്ങിയിട്ടുണ്ട്. |
| (സി) | കേസിലെ പ്രതികളുടെ ക്വട്ടേഷൻ മാഫിയ ബന്ധം സംബന്ധിച്ച് എന്തെങ്കിലും പരാതി നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത പരാതിയിന്മേലുള്ള എഫ്.ഐ.ആറിന്റെ കോപ്പി ലഭ്യമാക്കാമോ; | (സി) | പ്രതികളുടെ ക്വട്ടേഷൻ മാഫിയ ബന്ധം സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. |
| (ഡി) | അബ്ദുൽ കരീം വധക്കേസ് ഇപ്പോൾ അന്വേഷിക്കുന്നത് ആരാണെന്ന് വിശദമാക്കാമോ; | (ഡി) | ക്രൈംബ്രാഞ്ച് കോഴിക്കോട് യൂണിറ്റിലെ ഡിറ്റക്ടീവ് ഇൻസ്പെക്ടറുടെ മേൽ നോട്ടത്തിൽ അന്വേഷണം നടത്തി വരുന്നു. |
| (ഇ) | പ്രസ്തുത കേസിലെ പ്രതികൾ ജാമ്യത്തിലിറങ്ങി എട്ട് വർഷത്തിലേറെയായിട്ടും ഈ കേസിൽ കുറ്റപത്രം സമർപ്പിക്കാത്തതിന്റെ കാരണമെന്താണെന്ന് വിശദമാക്കാമോ; | (ഇ) | കേസിന്റെ അന്വേഷണം പൂർത്തിയാക്കി Investigation Completion Report ബഹു. കോടതി മുമ്പാകെ സമർപ്പിക്കുന്നതിനുള്ള വിശദ പരിശോധന നടത്തി വരികയാണ്. |
| (എഫ്) | നീതി വൈകുന്നത് നീതി നിഷേധത്തിന് തുല്യമാണ് എന്ന വസ്തുത പരിഗണിച്ചും അബ്ദുൽ കരീമിന്റെ വൃദ്ധയായ മാതാവിന്റെ അപേക്ഷ പരിഗണിച്ചും കേസന്വേഷണം സി.ബി.ഐ.ക്ക് വിടാൻ നടപടി സ്വീകരിക്കുമോ? | (എഫ്) | നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ